# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3800 20/07/2015 ൽ മറുപടിക്ക്

## ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.പി.കെ. അബ്ദു റ<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി |
| എ) വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | എ) വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഇതിന് ഓരോ കുട്ടിക്കും ഒരു ദിവസം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കുമോ ; | ബി) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും, 200/- രൂപ പാചകക്കൂലിയും; 15 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപ (പാചകക്കൂലി ഉൾപ്പെടെ); 501-ന് മുകളിൽ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6/- രൂപയും; 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ) സ്കൂൾ പ്രവൃത്തി ദിവസം നൽകിവരുന്നു. |
| സി) തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലവ്യ ഞ്ജനങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചകച്ചെലവിന് നിലവിൽ കുട്ടിയൊന്നിന് 5/- 6/ രൂപ നിരക്കിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുവാൻ വിവിധ ഭാഗത്തുനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന 5/- രൂപ എന്നത് 7/- രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ഒരു പ്രൊപ്പോസ്സൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ഡി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ഡി) ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) കുടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട്; അടിയന്തരമായി അത് കൊടുത്തു തീർക്കുമോ | ഇ) കുടിശ്ശിക ഇനത്തിൽ 2014-15 വരെ ഒരു തുകയും കൊടുത്തു തീർക്കാനില്ല. |

സെക്ഷൻ ഓഫീസർ